പഴശ്ശി ജലസേചന പദ്ധതി കമ്മീഷൻ ചെയ്യാൻ നടപടി

65 [522] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഴശ്ശി ജലസേചന പദ്ധതിക്ക് ഇതുവരെ ചെലവായ തുക എത്രയാണ്;

(ബി) പ്രസ്തുത പദ്ധതി പൂർണ്ണതോതിൽ എപ്പോൾ കമ്മീഷൻ ചെയ്യുവാനാകുമെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത പദ്ധതിയിലൂടെ കർഷകർക്ക് കൃഷിക്കാവശ്യമായ വെള്ളം ഇപ്പോൾ നൽകി വരുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര ഹെക്ടർ സ്ഥലത്ത് ഇതിന്റെ പ്രയോജനം ലഭിക്കുന്നു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പഴശ്ശി ജലസേചന പദ്ധതിക്ക് നാളിതുവരെ (31-1-2006) 164.91 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി 1979-ൽ ഭാഗികമായി കമ്മീഷൻ ചെയ്തു. പൂർണ്ണതോതിൽ കമ്മീഷൻ ചെയ്യുന്നതിനുവേണ്ടിയുള്ള പ്രൊപ്പോസൽ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(സി) ഉണ്ട്. 11525 ഹെക്ടർ സ്ഥലത്ത് ഇതിന്റെ പ്രയോജനം ലഭിച്ചുവരുന്നുണ്ട്.

മഞ്ചേരിയിലെ ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ആഫീസ് മലപ്പുറത്തേക്ക് മാറ്റുന്നതിനുള്ള കാരണം

66 [523] ശ്രീ. ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരിയിൽ വർഷങ്ങളായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ആഫീസ് മലപ്പുറത്തേക്ക് മാറ്റാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) ഈ മാറ്റം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മഞ്ചേരിയിൽ ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ആഫീസ് ഒന്നും തന്നെ ഇപ്പോൾ പ്രവർത്തിക്കുന്നില്ല.

(ബി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly